"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം കൊട്ടറ എസ്.എം.എച്ച്.എസ്.എസ്.ലെ യു.പി.എസ്.ടി. ശ്രീ സന്ദീപ് എം.ആർ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3245/2026/GEDN തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.54/2024/പൊ.വി.വ തീയതി, 01.06.2024
2. കൊല്ലം കൊട്ടറ എസ്.എം.എച്ച്.എസ്.എസ്.ലെ യു.പി.എസ്.ടി. ശ്രീ സന്ദീപ് എം.ആർ. 02.12.2024 തീയതിയായി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22.03.2025 തീയതിയിലെ DEOKTR/391/2025-B6 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം കൊട്ടറ എസ്.എം.എച്ച്.എസ്.എസ്.ലെ യു.പി.എസ്.ടി. ശ്രീ സന്ദീപ് എം.ആർ. 02.12.2024 തീയതിയായി സമർപ്പിച്ച ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളെ 28.03.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം വാദം കേൾക്കുകയുണ്ടായി. ടി സ്കൂളിൽ 2016-17 വർഷം ഉണ്ടായ അധിക യു.പി.എസ്.ടി. തസ്തികയിൽ 15.07.2023 മുതൽ ഹർജിക്കാരന് നൽകിയ നിയമനത്തിന് ശമ്പളസ്കെയിലിൽ റഗുലറായി അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :**

(i) ടി സ്കൂളിൽ 2016-17 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തികയിൽ ഹർജിക്കാരനെ 15.07.2023 മുതൽ നിയമിച്ചെങ്കിലും, നിയമനം ഏത് വർഷത്തെ അധിക തസ്തികയിലാണെന്ന് നിയമന ഉത്തരവിലും സി.എസ്. സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തിയിട്ടില്ല,

കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2)-ലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല, ഭിന്നശേഷി നിയമനത്തിനുള്ള റോസ്റ്റർ സമർപ്പിച്ചിട്ടില്ല, കെ-ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല, പ്രഥമാധ്യാപിക സാക്ഷ്യപ്പെടുത്തിയ നിയമനത്തീയതിയിലെ ജീവനക്കാരുടെ പട്ടിക ഉള്ളടക്കം ചെയ്തിട്ടില്ല, ചട്ടം 43, 51എ, 51 ബി അവകാശികളുടെ പട്ടിക ഉള്ളടക്കം ചെയ്തിട്ടില്ല, സ്വഭാവ സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട പ്രൊഫോർമയിൽ നൽകിയിട്ടില്ല തുടങ്ങിയ കാരണങ്ങളാൽ നിരസിച്ചു.

(ii) സർക്കാർ കത്ത് നമ്പർ ജെ.ആർ.1/585/2023/പൊ.വി.വ. തീയതി 05.09.2024 ഖണിക 'എ' പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് ടിയാന്റെ നിയമന പ്രൊപ്പോസൽ അപ്പലേറ്റ് കൂടാതെ റീ ഓപ്പൺ ചെയ്ത് പരിശോധിക്കാവുന്നതാണെങ്കിലും ടി സ്കൂളിൽ അംഗീകൃത മാനേജർ ഇല്ലാത്തതിനാൽ റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു.

(iii) ടി സ്കൂളിന് 31.03.2024 വരെ അംഗീകൃത മാനേജർ ഉണ്ടായിരുന്നു. ടി കാലയളവിൽ ടി മാനേജർ ഹർജിക്കാരന്റേതുൾപ്പെടെ 4 നിയമനങ്ങൾ നടത്തുകയും രണ്ടെണ്ണത്തിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി മാനേജർ 25.03.2023-ന് ഒപ്പിട്ട സത്യപ്രസ്താവന ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നിർദ്ദേശത്തിൽ ഡയറക്ടറേറ്റിൽ നടത്തിയ അദാലത്തിൽ ശ്രീ. സന്ദീപിന്റെ റിവിഷൻ അപ്പീൽ പരിഗണിക്കുമ്പോൾ സമർപ്പിക്കുന്നതിനായി തയ്യാറാക്കി വച്ചിരുന്നുവെങ്കിലും ഹിയറിങ്ങിനുപോലും അവസരം നൽകാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ അപ്പീൽ നിരസിക്കുകയാണുണ്ടായത് .

(iv) ടി സ്കൂളിലെ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള റോസ്റ്റർ സമന്വയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ, 2019-20 വർഷം അനുവദിച്ച ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) അധിക തസ്തികയിലെ ഒരു ഒഴിവ് കൊല്ലം സ്പെഷ്യൽ എംപ്ലോയ്മെൻറ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ SLP(C)No. 11373/2024-മേൽ ബഹു. സുപ്രീം കോടതി 04.03.2025-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ടിയാന്റെ നിയമനം അംഗീകരിക്കാവുന്നതാണ്.

(v) സ്കൂൾ മാനേജ്മെന്റിന്റെ നിയമാവലി തയ്യാറാക്കി അംഗീകാരത്തിനായി 03.03.2025-ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(vi) മേൽ വസ്തുതകൾ കണക്കിലെടുത്ത്, 23.01.2023-ലെ G.O.(P)No. 2/2023/പൊ.വി.വ., 24.01.2023-ലെ G.O.(Ms)No.29/2023 ബഹു. സുപ്രീം കോടതിയുടെ SLP(C)No.11373/2024-മേലുള്ള 04.03.2025-ലെ വിധിന്യായം എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. സന്ദീപ്

എം.ആർ.ന്റെ 2016-17 വർഷത്തെ അധിക യു.പി.എസ്.ടി. തസ്തികയിലെ 15.07.2023 മുതലുള്ള നിയമനം ശമ്പളസ്കെയിലിൽ അംഗീകരിച്ച് നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം.

3. 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച അധിക തസ്തികകളിലെ ഒഴിവുകളിൽ 2019-20-ന് ശേഷം നടത്തിയ നിയമനങ്ങളിൽ ചട്ടം 43, 51 എ, 51 ബി അവകാശികൾക്ക് വിധേയമായി ഭിന്നശേഷിക്കാരെ നിയമിക്കുവാൻ മറ്റ് ഒഴിവുകളൊന്നും ഇല്ലെന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കുകയാണെങ്കിൽ ടി നിയമനങ്ങൾക്ക് G.O.(P)No.2/2023/GEDN dated 23.01.2023 പ്രകാരം നിയമനാംഗീകാരം നൽകാമെന്ന് സർക്കാർ കത്ത് നമ്പർ നം. JR1/585/2023/GEDN dated 05.09.2024 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെന്നും എന്നാൽ, ടി സ്കൂളിന് 01.04.2024 മുതൽ അംഗീകൃത മാനേജർ ഇല്ലാത്തതിനാൽ ടി സത്യപ്രസ്താവന നൽകാൻ കഴിയില്ല എന്ന കാരണത്താലാണ് ടിയാന്റെ നിയമനം നിരസിച്ചതെന്നും, G.O.(P)No.2/2023/GEDN dated 23.01.2023-ന്റെ തുടർച്ചയായാണ് 05.09.2024-ൽ JR1/585/2023 നമ്പർ കത്ത് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ടി ഉത്തരവ് തീയതിയായ 23.01.2023-ന് ടി സ്കൂളിന് അംഗീകൃത മാനേജർ ഉണ്ടായിരുന്നു എന്നത് കണക്കിലെടുത്ത് മാനേജരുടെ 25.03.2024 തീയതിയിലെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകണമെന്നാണ് ഹർജിക്കാരൻ വാദിക്കുന്നതെന്നും, എന്നാൽ G.O.(P)No.4/2021 dated 06.02.2021 പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ നിയമനത്തീയതി മുതൽ നോഷണലായും ഉത്തരവ് തീയതിയായ 23.01.2023 മുതൽ ശമ്പളസ്കെയിലിലും അംഗീകരിക്കുന്നതിനാണ് G.O.(P)No.2/2023/GEDN തീയതി 23.01.2023 പ്രകാരം ഉത്തരവായിട്ടുള്ളതെന്നും, അതിനാൽ ടിയാന്റെ നിയമനം പരിഗണിക്കുവാൻ കഴിയില്ലെന്നും, നിലവിൽ സ്കൂളിന്റെ ബൈലോ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അത് അംഗീകരിക്കുന്ന മുറയ്ക്ക് മാനേജർ സത്യപ്രസ്താവന ലഭ്യമാക്കുന്ന പക്ഷം ശ്രീ.സന്ദീപിന്റെ നിയമനം പരിഗണിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറും വിദ്യാഭ്യാസ ഓഫീസർമാരും ഹിയറിങ് വേളയിൽ അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ സന്ദീപിനെ 2016-17 വർഷത്തെ അധിക തസ്തികയിലാണ്

15.07.2023 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ചിട്ടുള്ളത്. 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച അധിക തസ്തികകളിൽ 2019-20-നുശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾ G.O.(P)No.4/2021/GEDN dated 06.02.2021 പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്നപക്ഷം നിയമനത്തീയതി മുതൽ നോഷണലായും G.O.(P)No.2/2023/GEDN പുറപ്പെടുവിച്ച 23.01.2023 തീയതി മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും അനുവദിക്കാവുന്നതാണ്. ടി സ്കൂളിൽ 31.03.2024 വരെ അംഗീകാരമുണ്ടായിരുന്ന മാനേജർ 25.03.2024-ന് ഒപ്പിട്ട് വച്ചിട്ടുള്ള സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടിയാന് അംഗീകാരം നൽകാവുന്നതാണെന്ന് ഹർജിക്കാരനും മാനേജരും വാദിക്കുന്നു. കൂടാതെ, സ്കൂളിന്റെ ബൈലോ അംഗീകരിക്കുന്ന മുറയ്ക്ക് ടി മാനേജർ തന്നെ തുടരുന്നതുമാണ്.

5. മേൽ സാഹചര്യത്തിൽ, 23/01/2023 തീയതിയിലെ G.O.(P)No.2/2023/G.Edn സർക്കാർ ഉത്തരവ്, 05/09/2024 തീയതിയിലെ സർക്കാർ കത്ത് നമ്പർ ജെ.ആർ.1/585/2023/പൊ.വി.വ. എന്നിവയുടെ ആനുകൂല്യം അനുവദിച്ച്, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണം ബാധകമാക്കാതെ കൊല്ലം കൊട്ടറ എസ്.എം.എച്ച്.എസ്.എസ്.ലെ യു.പി.എസ്.ടി. ശ്രീ സന്ദീപ് എം.ആർ. ന്റെ നിയമനം 15.07.2023 മുതൽ ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകുന്നതിനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർ, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് നൽകികൊണ്ട് അപ്രകാരം പരാമർശം(2) പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ശ്രീസന്ദീപ് എം.ആർ, യു.പി.എസ്.ടി, കൊട്ടറ എസ്.എം.എച്ച്.എസ്.എസ്, കൊല്ലം

പൊതുവിദ്യാഭ്യാസ (ജെ എ) വകുപ്പ് (JA1/219/2025/GEDN dtd,13.02.2026 )

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്,

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 12-05-2026 15:12:34

സെക്ഷൻ ഓഫീസർ